**മധുരമായ കുട്ടികളേ, ബാബയുടെ കർത്തവ്യമാണ്, മുൾക്കാടിനെ ഇല്ലാതാക്കി പൂന്തോട്ടം ഉണ്ടാക്കുക എന്നത്, ഇതിലൂടെ തന്നെയാണ് നമ്പർവൺ ഫാമിലി പ്ലാനിങ്ങ് നടക്കുന്നത്.**

**ചോദ്യം:–** ഫാമിലി പ്ലാനിങ്ങിന്റെ ഫസ്റ്റ്ക്ലാസ്സ് ശാസ്ത്രം ഏതാണ്? എങ്ങനെ?
**ഉത്തരം:–** ഗീതയാണ് ഫാമിലി പ്ലാനിങ്ങിന്റെ ഫസ്റ്റ്ക്ലാസ്സ് ശാസ്ത്രം, കാരണം ഗീതയിലൂടെ തന്നെയാണ് ബാബ അനേക അധർമ്മങ്ങൾ ഇല്ലാതാക്കി ഒരു ധർമ്മം സ്ഥാപിച്ചത്. കാമം മഹാശത്രുവാണ് എന്ന ഭഗവാന്റെ മഹാവാക്യം ഗീതയിൽ തന്നെയാണുള്ളത്. കാമമാകുന്ന ശത്രുവിനെ ജയിക്കുമ്പോൾ സ്വതവേ തന്നെ ഫാമിലി പ്ലാനിങ്ങ് നടക്കുന്നു. ഇത് ഒരു ബാബയുടെ മാത്രം കർത്തവ്യമാണ്. ഒരു മനുഷ്യന്റേയും അല്ല.

**ഓം ശാന്തി**. ശിവ ഭഗവാൻ ഉച്ചരിക്കുന്നു. ബാബയിരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, തീർച്ചയായും ഈ ലോകത്തിനെ ആസുരീയ ലോകം എന്ന് വിളിക്കും. പുതിയ ലോകത്തെ ദൈവീക ലോകം എന്ന് വിളിക്കും. ദൈവീക ലോകത്തിൽ വളരെ കുറച്ച് മനുഷ്യരായിരിക്കും ഉണ്ടാവുക. ഈ രഹസ്യവും ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കണം. ഫാമിലി പ്ലാനിങ്ങിന്റെ മന്ത്രിക്കും മനസ്സിലാക്കി കൊടുക്കണം, ഫാമിലി പ്ലാനിങ്ങ് എന്നത് ഗീതയിൽ പറയുന്നത് അനുസരിച്ച് ഒരു ബാബയുടെ തന്നെ കടമയാണ്. ഗീതയെ സർവ്വരും മാനിക്കുന്നുണ്ട്. ഗീത തന്നെയാണ് ഫാമിലി പ്ലാനിങ്ങിന്റെ ശാസ്ത്രം. ഗീതയിലൂടെ തന്നെയാണ് ബാബ പുതിയ ലോകം സ്ഥാപിക്കുന്നത്. ഇത് സ്വാഭാവികമായും ഡ്രാമയനുസരിച്ച് ബാബയുടെ പാർട്ട് അടങ്ങിയിട്ടുള്ളതാണ്. ബാബ തന്നെയാണ് വന്ന് ആദി സനാതന ദേവീ ദേവതാ ധർമ്മം സ്ഥാപിക്കുന്നത് അഥവാ പവിത്ര രാജ്യം സ്ഥാപിക്കുന്നത്. സ്വയം ദേവീ ദേവതാ ധർമ്മത്തിലേതാണ് എന്ന് പറയുന്നു. ഗീതയിൽ ഭഗവാൻ കൃത്യമായി പറയുന്നുണ്ട്, ഞാൻ വരുന്നത് തന്നെ ഒരു ധർമ്മം സ്ഥാപിക്കുവാനും മറ്റ് സർവ്വ അനേക ധർമ്മങ്ങളുടെ വിനാശം ചെയ്യുവാനും വേണ്ടിയാണ്. ഇതിലൂടെ ഫാമിലി പ്ലാനിങ്ങ് നമ്പർവണ്ണായിത്തീരും. സൃഷ്ടി മുഴുവൻ ജയജയാരവം മുഴങ്ങും പിന്നെ ഒരു ആദി സനാതന ധർമ്മത്തിന്റെ സ്ഥാപനയും ഉണ്ടാകും. ഇപ്പോൾ വളരെയധികം മനുഷ്യരായത് കാരണം വളരെയധികം അഴുക്ക് പിടിച്ചിരിക്കുകയാണ്. അവിടെയുള്ള പക്ഷികളും മൃഗങ്ങളും തുടങ്ങി സർവ്വതും ഫസ്റ്റ്ക്ലാസ്സായിരിക്കും, അവയെ കാണുമ്പോൾ തന്നെ മനസ്സിന് സന്തോഷം തോന്നും, ഭയപ്പെടേണ്ട കാര്യമേയില്ല. ബാബയിരുന്ന് മനസ്സിലാക്കി തരികയാണ്, നിങ്ങൾ എന്നെ വിളിച്ചത് തന്നെ ഇതിനുവേണ്ടിയായിരുന്നു, വന്ന് ഫാമിലി പ്ലാനിങ്ങ് ചെയ്യൂ അർത്ഥം പതീത കുടുംബങ്ങളെ തിരികെ കൊണ്ട് പോകൂ, പവിത്ര കുടുംബം സ്ഥാപിക്കൂ. നിങ്ങൾ സർവ്വരും പറഞ്ഞിരുന്നു – ബാബാ, വന്ന് പതീത ലോകത്തെ ഇല്ലാതാക്കി പുതിയ പാവന ലോകം ഉണ്ടാക്കൂ. ഇത് ബാബയുടെ തന്നെ പ്ലാനിങ്ങാണ്. കാണുമ്പോൾ തന്നെ സന്തോഷം തോന്നും. ലക്ഷ്മീ നാരായണനെ കാണുമ്പോൾ തന്നെ നിങ്ങളുടെ ഹൃദയത്തിന് സന്തോഷം തോന്നാറുണ്ടല്ലോ അല്ലേ. അവിടെ ഏതുപോലെയാണോ രാജാവും റാണിയും അതുപോലെ പ്രജകളെല്ലാം തന്നെ ഫസ്റ്റ്ക്ലാസ്സായിരിക്കും. ഈ ഫാമിലി പ്ലാനിങ്ങിന്റെ യുക്തി ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. പാരലൗകീക അച്ഛൻ സത്യയുഗീ പ്ലാനിങ്ങ് ഫസ്റ്റ്ക്ലാസ്സായി ചെയ്യുന്നു, മുള്ളുകളുടെ കാടിനെ തന്നെയാണ് നശിപ്പിക്കുന്നത് എന്നത് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കേണ്ടതുണ്ട്. ഈ മുഴുവൻ ലോകത്തിനും തീ പിടിക്കുകയാണ്. ഇത് ബാബയുടെ തന്നെ കർത്തവ്യമാണ്. നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കില്ല. എത്ര വേണമെങ്കിലും പരിശ്രമിച്ചോളൂ, ആർക്കും വിജയിക്കുവാൻ സാധിക്കില്ല. ബാബ പറയുന്നു – ഏതൊരു കാമ വികാരത്തിനെയാണോ നിങ്ങൾ മിത്രമാണെന്ന് വിചാരിച്ചിരുന്നത് അത് വളരെ വലിയ ശത്രുവാണ്. ധാരാളം പേർ അതിന്റെ മിത്രമാകാറുണ്ട്. ബാബ ആജ്ഞ പുറപ്പെടുവിക്കുകയാണ് – നിങ്ങൾ ഇതിനെ ജയിക്കൂ. നിങ്ങൾ മനസ്സിലാക്കി കൊടുക്കൂ – ബാബ പറയുന്നു, കാമം മഹാശത്രുവാണ്. ഫാമിലി പ്ലാനിങ്ങ് എങ്ങനെയാണ് നടക്കുന്നത് എന്ന് പാവങ്ങൾക്ക് അറിയില്ല. ഡ്രാമയനുസരിച്ച് ഇത് കല്പ കല്പം ബാബ ചെയ്യുകയാണ്. വീണ്ടും ഇത് സംഭവിക്കുക തന്നെ വേണം. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യരായിരിക്കും ഉണ്ടാവുക, ഇതിൽ ചിന്തിക്കേണ്ട യാതൊരു കാര്യവും ഇല്ല. ബാബ പ്രായോഗികമായി ഈ കാര്യം ചെയ്ത് കൊണ്ടിരിക്കുന്നു. അവർ എത്രമാത്രം തലയിട്ടടിക്കുന്നു. വിദ്യാഭ്യാസ മന്ത്രിക്കും മനസ്സിലാക്കി കൊടുക്കൂ. ഇപ്പോഴത്തെ സ്വഭാവങ്ങൾ എത്ര മോശമാണ്. ദേവതകളുടെ സ്വഭാവം എത്ര നല്ലതായിരുന്നു. നിങ്ങൾ നിശ്ചിന്തരായിരുന്ന് വാണി കേൾപ്പിക്കൂ. ഇത് ഏതെങ്കിലും മിനിസ്റ്ററിന്റെ കർത്തവ്യം അല്ല എന്നത് പറഞ്ഞ് കൊടുക്കൂ. ഇത് വളരെ ഉയർന്ന ബാബയുടെ കർത്തവ്യമാണ്. ഈ ദേവതകളുടെ രാജ്യത്തിൽ ഒരു ധർമ്മവും ഒരു രാജ്യവും ഒരു ഭാഷയുമാണുണ്ടായിരുന്നത്. എത്ര കുറച്ച് മനുഷ്യരാണുണ്ടായിരുന്നത്. എന്നാൽ ഇങ്ങനെയുള്ള യുക്തിയോടുകൂടി സംസാരിക്കുവാൻ വളരെ കുറച്ച്

പേർക്ക് മാത്രമേ അറിയാവൂ. അത്രക്ക് യുക്തിയില്ല. അവർക്ക് ഈ ലക്ഷ്മീനാരായണന്റെ ചിത്രം കാണിച്ച് കൊടുക്കണം. ഈ ഫാമിലി പ്ലാനിങ്ങ് ബാബ തന്നെയാണ് ചെയ്തിരുന്നത്. ഇപ്പോൾ വീണ്ടും ചെയ്ത് കൊണ്ടിരിക്കുന്നു. ഇവരുടെ രാജ്യം സ്ഥാപിച്ച് കൊണ്ടിരിക്കുന്നു.

ബാബ പറയുന്നു – ഈ ലക്ഷ്മീ നാരായണന്റെ ചിത്രം സദാ മുൻഭാഗത്ത് വെയ്ക്കൂ പിന്നെ ലൈറ്റുകളും ഇടൂ. പ്രഭാതഭേരിയിൽ ഈ ട്രാൻസ് ലൈറ്റ് ചിത്രം ഉണ്ടായിരിക്കണം, വ്യക്തമായി ആർക്കും കാണുവാൻ സാധിക്കണം. നമ്മൾ ഫാമിലി പ്ലാനിങ്ങ് ചെയ്ത് കൊണ്ടിരിക്കുകയാണ് എന്ന് പറയൂ. രാജാവും റാണിയും ഏതുപോലെയാണോ അതുപോലെയായിരിക്കും പ്രജകളും. ദൈവീക വംശം സ്ഥാപിച്ച് കൊണ്ടിരിക്കുകയാണ്, ബാക്കി സർവ്വതും നശിക്കും. നിങ്ങൾ വിളിക്കുന്നുമുണ്ട് – അല്ലയോ പതീത പാവനാ വരൂ, നമ്മളെ പാവനമാക്കൂ. അത് ബാബയ്ക്ക് തന്നെയാണ് ആക്കുവാൻ സാധിക്കുക. ഒരു ദേവീ ദേവതാ ധർമ്മം തന്നെയാണ് പാവനമായിട്ടുള്ളത്. ബാക്കി സർവ്വതും നശിക്കുന്നു. ശിവബാബയുടെ കൈയിൽ തന്നെയാണ് ഈ പ്ലാനിങ്ങ് ഉള്ളത് എന്ന് പറയൂ. സത്യയുഗത്തിൽ ഈ പ്ലാനിങ്ങാണുള്ളത്. അവിടെ ദേവതാ വംശം തന്നെയാണ്, ശൂദ്രർ ഉണ്ടായിരിക്കില്ല. ഇത് വളരെ ഫസ്റ്റ്ക്ലാസ്സായിട്ടുള്ള പ്ലാനിങ്ങാണ്. ബാക്കി സർവ്വ ധർമ്മവും നശിക്കും. ഈ ബാബയുടെ പ്ലാനിങ്ങ് വന്ന് മനസ്സിലാക്കൂ. നിങ്ങളുടെ ഈ കാര്യം കേട്ട് ധാരാളം പേർ നിങ്ങളിൽ അർപ്പണമാകും. ഈ മന്ത്രിമാർക്ക് എങ്ങനെ നിർവ്വികാരി പ്ലാനിങ്ങ് ചെയ്യുവാൻ സാധിക്കും. ബാബ, വളരെ ഉയർന്ന ഭഗവാൻ വരുന്നത് തന്നെ ഈ പ്ലാനിങ്ങ് ചെയ്യുവാൻ വേണ്ടിയാണ്. ബാക്കി സർവ്വ അനേക ധർമ്മങ്ങളേയും ഇല്ലാതാക്കുന്നു. ഈ കാര്യം പരിധിയില്ലാത്ത അച്ഛന്റെ കൈകളിലാണ്. പഴയ വസ്തുവിനെ പുതിയതാക്കുന്നു. ബാബ പുതിയ ലോകം സ്ഥാപിച്ച് പഴയതിന്റെ വിനാശം നടത്തുന്നു. ഇത് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. മനസ്സിലാക്കി കൊടുക്കണം – സഹോദരിമാരെ സഹോദരങ്ങളേ, ഈ സൃഷ്ടി ചക്രത്തിന്റെ ആദി മദ്ധ്യ അന്ത്യത്തെ നിങ്ങൾ അറിയുന്നില്ല, ബാബ പറഞ്ഞ് തരുന്നു. സത്യയുഗത്തിന്റെ ആരംഭത്തിൽ ഇത്രയും മനുഷ്യരായിരിക്കും ഉണ്ടാവുക, ഫാമിലി പ്ലാനിങ്ങിന്റെ കാര്യമൊന്നും ഇല്ല. ആദ്യം നിങ്ങൾ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ മനസ്സിലാക്കൂ. സത്ഗതിദാതാവ് ബാബ തന്നെയാണ്. സത്ഗതി അർത്ഥം സത്യയുഗത്തിലെ മനുഷ്യൻ. ആദ്യമാദ്യം ഈ ദേവതകൾ വളരെ കുറച്ച് പേരായിരുന്നു. ഫസ്റ്റ്ക്ലാസ്സ് ധർമ്മമായിരുന്നു. ബാബ പൂക്കളുടെ ഫസ്റ്റ്ക്ലാസ്സായിട്ടുള്ള പ്ലാനിങ്ങ് നടത്തുന്നു. കാമം മഹാശത്രുവാണ്. ഇന്നത്തെക്കാലത്ത് ഇതിനു വേണ്ടി പ്രാണൻ പോലും നല്കുന്നു. ഒരാൾക്ക് ആരോടെങ്കിലും ഇഷ്ടം തോന്നിയാൽ, മാതാപിതാക്കൾ വിവാഹം കഴിപ്പിച്ച് കൊടുത്തില്ല എങ്കിൽ വീട്ടിൽ വളരെ കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. ഇത് മോശമായ ലോകമാണ്. സർവ്വരും പരസ്പരം മുള്ള് കൊണ്ട് കുത്തുന്നു. സത്യയുഗത്തിൽ പൂക്കളുടെ മഴ പെയ്യും. വിചാര സാഗര മനനം ചെയ്യൂ. ബാബ സൂചനകൾ തന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ ഇതിനെ റിഫൈൻ ചെയ്യൂ. പല പല പ്രകാരത്തിലുള്ള ചിത്രങ്ങളും ഉണ്ടാക്കുന്നുണ്ട്. ഡ്രാമയനുസരിച്ച് എന്താണോ സംഭവിക്കുന്നത് അത് ശരിയാണ്. ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കുക എന്നതും വളരെ സഹജമാണ്. സർവ്വരുടേയും ശ്രദ്ധ ബാബയുടെ ഭാഗത്തേയ്ക്ക് കൊണ്ട് പോകണം. ഇത് ബാബയുടെ തന്നെ കർത്തവ്യമാണ്. ബാബ മുകളിലിരുന്ന് കൊണ്ട് ഈ കർമ്മം ചെയ്യില്ല. എപ്പോൾ ധർമ്മത്തിന് ഗ്ലാനി സംഭവിക്കുന്നുവോ, ആസുരീയ രാജ്യമാകുന്നുവോ അപ്പോൾ വന്ന് ഈ സർവ്വതും ഇല്ലാതാക്കി ദൈവീക രാജ്യം സ്ഥാപിക്കുന്നു എന്ന് പറയുന്നു. മനുഷ്യർ അജ്ഞാനമാകുന്ന നിദ്രയിൽ ഉറങ്ങുകയാണ്. ഇതെല്ലാം നശിക്കും. നിർവ്വികാരികളാകുന്നവരുടെ ഫാമിലിയാണ് വന്ന് രാജ്യം ഭരിക്കുന്നത്. ബ്രഹ്മാവിലൂടെ സ്ഥാപന എന്ന് പാടുന്നുണ്ട്, എന്തിന്റെയാണ്? ഈ കുടുംബത്തിന്റെ. ഈ പ്ലാനിങ്ങ് നടന്ന് കൊണ്ടിരിക്കുകയാണ്. ബ്രഹ്മാകുമാർ കുമാരിമാർ പവിത്രമാവുകയാണ്, അപ്പോൾ അവർക്ക് വേണ്ടി പവിത്ര ലോകവും ആവശ്യമാണ്. ഈ പുരുഷോത്തമ സംഗമയുഗം വളരെ ചെറുതാണ്. ഇത്രയും ചെറിയ സമയത്തിനുള്ളിൽ എത്ര നല്ല പ്ലാനിങ്ങാണ് ചെയ്യുന്നത്. ബാബ സർവ്വരുടേയും കണക്കുകൾ പൂർത്തിയാക്കിച്ച് തന്റെ വീട്ടിലേയ്ക്ക് കൊണ്ട് പോകുന്നു, ഇത്രയും അഴുക്കുകളൊന്നും അങ്ങോട്ട് കൊണ്ട് പോവില്ല. മോശമായ ആത്മാക്കൾക്ക് പോകുവാൻ സാധിക്കില്ല, അതുകൊണ്ട് ബാബ വന്ന് പുഷ്പങ്ങളാക്കി കൊണ്ട് പോകുന്നു. അങ്ങനെയുള്ള കാര്യങ്ങളിൽ വിചാര സാഗര മനനം ചെയ്യൂ. നിങ്ങൾക്ക് തിരിച്ചറിവ് വന്ന് കൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു ഞാൻ ഒരു ധർമ്മം സ്ഥാപിക്കുവാനുള്ള തയ്യാറെടുപ്പുകൾ നിങ്ങളെ കൊണ്ട് ചെയ്യിച്ച് കൊണ്ടിരിക്കുന്നു. ഈ ഫാമിലി പ്ലാനിങ്ങ് ചെയ്തത് ആരാണ്?ബാബ പറയുന്നു ഞാൻ കല്പത്തിന് മുൻപെന്നപോലെ തന്റെ കാര്യം ചെയ്ത് കൊണ്ടിരിക്കുന്നു. പതീതമായ ഫാമിലിയിൽ നിന്നും മാറ്റി പാവനമായ ഫാമിലി സ്ഥാപിക്കൂ എന്നതിനു വേണ്ടി തന്നെയാണ് വിളിക്കുന്നത്. ഈ സമയം സർവ്വരും പതീതമാണ്. വിവാഹങ്ങൾക്ക് വേണ്ടി ലക്ഷക്കണക്കിന് ചിലവാക്കുന്നു. എത്രമാത്രം സന്തോഷിക്കുന്നു, പവിത്രമാകുന്നതിനു പകരം വീണ്ടും പതീതമായി മാറുന്നു.

നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഈ ഈശ്വരീയ ജോലി ചെയ്യണം. സർവ്വർക്കും മനസ്സിലാക്കി കൊടുക്കണം. സർവ്വരും ആസുരീയ നിദ്രയിൽ ഉറങ്ങുകയാണ്, അവരെ ഉണർത്തണം. സുന്ദരമായി മറ്റുള്ളവരേയും ആക്കണം. അപ്പോൾ ബാബയുടെ പ്രിയപ്പെട്ടവരുമാകും. സേവനം ചെയ്തില്ല എങ്കിൽ എന്ത് ലഭിക്കും?

ചിലർ ചക്രവർത്തിമാരാകുന്നു അപ്പോൾ തീർച്ചയായും നല്ല കർമ്മങ്ങൾ ചെയ്തിട്ടുണ്ട്. മോശമായ കർമ്മം ചെയ്യുന്നതിലൂടെ മോശമായ ജന്മം ലഭിക്കുന്നു. കർമ്മങ്ങളുടെ ഗതി പൊയ്ക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ബാബ നിങ്ങളെ നല്ല കർമ്മം ചെയ്യുവാൻ പഠിപ്പിക്കുന്നു. മുൻ ജന്മത്തിന്റെ കർമ്മങ്ങൾ അനുസരിച്ചാണ് ഇപ്പോൾ ഇങ്ങനെ ആയിരിക്കുന്നത് എന്ന് അവിടെയും അറിവുണ്ടായിരിക്കും. എന്ത് കർമ്മമാണ് ചെയ്തത് എന്ന അറിവുണ്ടായിരിക്കില്ല. കർമ്മം എന്ന് പറയുന്നു. എത്രത്തോളം നല്ല കർമ്മം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടുന്നു. ഉയർന്ന കർമ്മങ്ങളിലൂടെ തന്നെയാണ് ഉയർന്നവരാകുന്നത്. നല്ല കർമ്മം ചെയ്യുന്നില്ല എങ്കിൽ അടിച്ചുവാരുകയും ഭാരം ചുമക്കുകയും ചെയ്യുന്നു. കർമ്മങ്ങളുടെ ഫലം എന്ന് പറയാറുണ്ടല്ലോ അല്ലേ. ശ്രീമതത്തിലൂടെ നല്ല കർമ്മം ചെയ്യുന്നു. ചക്രവർത്തി എവിടെയിരിക്കുന്നു ദാസദാസിമാർ എവിടെയിരിക്കുന്നു. ബാബ പറയുന്നു ഇപ്പോൾ അച്ഛനെ പിന്തുടരൂ. എന്റെ മതമനുസരിച്ച് നടക്കുകയാണെങ്കിൽ ഉയർന്ന പദവി നേടും. ബാബ സാക്ഷാത്ക്കാരവും ചെയ്യിപ്പിക്കുന്നുണ്ട്. ഈ മമ്മയും ബാബയും കുട്ടികളുമൊക്കെ ഇത്രയും ഉയർന്നവരാവുകയാണ്, ഇതും കർമ്മമല്ലേ. ധാരാളം കുട്ടികൾ കർമ്മങ്ങളെ മനസ്സിലാക്കുന്നില്ല. അവസാനം സർവ്വർക്കും സാക്ഷാത്ക്കാരം ലഭിക്കും. നല്ല വിദ്യാഭ്യാസം ലഭിച്ചാൽ നവാബാകും, അലസത കാണിച്ചാൽ മോശമാകും. ആ പഠിത്തത്തിലും ഇങ്ങനെ സംഭവിക്കും. ഭഗവാൻ പറയുന്നു, ഈ സമയം ലോകം മുഴുവൻ കാമ ചിതയിൽ കത്തി മരിച്ച് കൊണ്ടിരിക്കുകയാണ്. സ്ത്രീയെ കാണുമ്പോൾ തന്നെ അവസ്ഥ മോശമായിപ്പോകുന്നു എന്ന് പറയുന്നു. അവിടെ ഇങ്ങനെ അവസ്ഥയൊന്നും മോശമാകില്ല. ബാബ പറയുന്നു നാമരൂപത്തെ നോക്കരുത്. നിങ്ങൾ സഹോദര-സഹോദരനെ നോക്കൂ. ലക്ഷ്യം ഉയർന്നതാണ്. വിശ്വത്തിന്റെ അധികാരിയാകണം. എങ്ങനെയാണ് ഈ ലക്ഷമീ നാരായണൻ വിശ്വത്തിന്റെ അധികാരിയായത് എന്ന് ഒരിക്കലും ആരുടെയും ബുദ്ധിയിൽ ഇങ്ങനെ വരാറില്ല. ബാബ പറയുന്നു ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. ഈ ലക്ഷ്മീ നാരായണൻ സർവ്വഗുണ സമ്പന്നമായിരുന്നു. ഇന്നത്തെക്കാലത്ത് ആരെയാണോ നിങ്ങൾ ന്യൂ ബ്ലഡ് (പുതിയ തലമുറ) എന്ന് വിചാരിക്കുന്നത് അവർ എന്താണ് ചെയ്ത് കൊണ്ടിരിക്കുന്നത്! ഗാന്ധിജി ഇതാണോ പഠിപ്പിച്ചിട്ട് പോയത്? രാമരാജ്യം ഉണ്ടാക്കാനും യുക്തി വേണം. ഇത് ബാബയുടെ തന്നെ കർത്തവ്യമാണ്. ബാബ സദാ പാവനമാണ്. നിങ്ങൾ 21 ജന്മം പാവനമായിരുന്നിട്ട് പിന്നെ 63 ജന്മം പതിതമായി മാറുന്നു. മനസ്സിലാക്കി കൊടുക്കുന്നതിലും അത്രയും സന്തോഷമുള്ളവരാകണം. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു – കുട്ടികളേ പാവനമാകൂ. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ അവസ്ഥ സദാ ഏകരസവും അചഞ്ചലവും ആക്കുന്നതിനു വേണ്ടി ഒരാളുടേയും നാമ രൂപത്തെ നോക്കരുത്. സഹോദര-സഹോദരനെ നോക്കൂ. ദൃഷ്ടിയെ പാവനമാക്കൂ. മനസ്സിലാക്കിക്കൊടുക്കാനുള്ള യുക്തി ധാരണ ചെയ്യൂ.
2) ബാബയുടെ സ്നേഹം പ്രാപ്തമാക്കുന്നതിനു വേണ്ടി ബാബയ്ക്ക് സമാനം സേവനം ചെയ്യണം, ആസുരീയ നിദ്രയിൽ ഉറങ്ങി കിടക്കുന്നവരെ ഉണർത്തണം. സുന്ദരമായി മറ്റുള്ളവരേയും ആക്കണം.

## വരദാനം:- തന്റെ സരള സ്വഭാവത്തിലൂടെയും ശുഭ ഭാവനയിലൂടെയും ഭോലാനാഥനായ ബാബയുടെ സ്നേഹത്തിന്റെ അനുഭവം ചെയ്യുന്ന ആകർഷണ മൂർത്തിയായി ഭവിക്കൂ

ഭോലാനാഥനായ ബാബയ്ക്ക് ഏറ്റവും പ്രിയം നിഷ്കളങ്കരായ കുട്ടികളെയാണ്. നിഷ്കളങ്കർ അർത്ഥം ആരാണോ സദാ സരള സ്വഭാവവും, ശുഭ ഭാവവും, സ്വച്ഛതാ സമ്പന്നവും, മനസ്സും കർമ്മവും രണ്ടിലും സത്യതയും ശുദ്ധതയും ഉള്ളവർ, ഇങ്ങനെയുള്ള കുട്ടികൾ ആകർഷണ മൂർത്തിയായി ബാബയെ പോലും തന്നിലേക്ക് ആകർഷിക്കുന്നു. ഭോലാനാഥനായ ബാബ ഇങ്ങനെയുള്ള സരള സ്വഭാവമുള്ള കുട്ടികളുടെ ഗുണങ്ങളുടെ മാല സ്മരിക്കുന്നു. ഭഗവാന് നിഷ്കളങ്കത്വം ഇഷ്ടമാണ്. താങ്കൾ കുട്ടികൾ തന്റെ നിഷ്കളങ്കതയിലൂടെയാണ് ഭഗവാനെയും മോഹിപ്പിച്ച് സ്വന്തമാക്കിയത്.

## സ്ലോഗൻ:- തന്റെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും ഗുണം അല്ലെങ്കിൽ ശക്തികളുടെ സമ്മാനം വിതരണം ചെയ്യുന്നത് തന്നെയാണ് ശുഭ ഭാവന, ശുഭ കാമന.